വൈദ്യുതി ഉത്പാദന പദ്ധതി

71 (456) ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. എസ്. സലീഖ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ബഡ്ജറ്റുകളിലൂടെയും മറ്റു നിലയിലും വൈദ്യുതി ഉല്പാദന പദ്ധതികൾ പ്രഖ്യാപിക്കുന്നതിനു മുമ്പ് അവ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതാ പഠനങ്ങൾ നടത്താറുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലയളവിലെ അഞ്ച് ബഡ്ജറ്റുകളിലൂടെയും മറ്റ് നിലയിലും ഊർജ്ജ ഉല്പാദനത്തിന് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു; ഇതിൽ നാളിതുവരെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികളെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രഖ്യാപിച്ച പദ്ധതികൾ വഴി ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. അനെർട്ട് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. നാളിതുവരെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ട്.

(സി) ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിക്കിടെ അപ്രതീക്ഷിതമായി ഉണ്ടായ മണ്ണിടിച്ചിൽ/പാറ ഇടിച്ചിൽ കാരണം പണി പൂർത്തിയാക്കാൻ സാധിച്ചില്ല. ബാക്കി ,പദ്ധതികളുടെ സ്ഥലമെടുപ്പ്/വനഭൂമി കൈമാറൽ എന്നിവ വൈകിയതു കാരണം പണി ആരംഭിക്കുവാൻ കാലതാമസം നേരിട്ടു പ്രഖ്യാപിച്ചിരുന്ന വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നു. ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ഉത്പാദനത്തിലെ കുറവുമൂലം പുതിയ വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങുന്നതിനുള്ള തീരുമാനം എടുക്കേണ്ടതില്ലെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാലയം അറിയിച്ചിരുന്നു. ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിന്റെ വിലയിലെ അസ്ഥിരത, അവ ഉപയോഗിച്ച് പദ്ധതികൾ തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന് മുമ്പ് അനുവദിച്ചിരുന്ന കൽക്കരിയുടെ അലോക്കേഷൻ സുപ്രീം കോടതി വിധിമൂലം നഷ്ടമായതും കൽക്കരി കൊണ്ടുള്ള ഒരു പദ്ധതി ചീമേനിയിൽ സ്ഥാപിക്കുന്നതിന് ഒരു സമവായം ഉണ്ടാക്കാൻ കഴിയാത്തതും കൽക്കരി ഉപയോഗിച്ചുള്ള പദ്ധതി തുടങ്ങുവാൻ തടസ്സമായി. പെറ്റ്കോക്ക് ഇന്ധനമാക്കിയുള്ള പദ്ധതിക്കുവേണ്ടി എഫ്.എ.സി.ടി.-യിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ എടുത്തുകഴിഞ്ഞു. പദ്ധതിക്കുവേണ്ട ഇന്ധനമായ പെറ്റ്കോക്കിന്റെ വിലയെ സംബന്ധിച്ച് ബി.പി.സി.എൽ-മായി ചർച്ചകൾ നടന്നുവരുന്നു.

ധർമ്മടം സെക്ഷൻ ഓഫീസ് വിഭജനം

72 (457) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ ധർമ്മടം സെക്ഷൻ ഓഫീസ് വിഭജിച്ച് മുഴപ്പിലങ്ങാട് കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ധർമ്മടം, കാടാച്ചിറ, ചൊവ്വ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് മുഴപ്പിലങ്ങാട് കേന്ദ്രമായി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ മേൽ സെക്ഷൻ ഓഫീസുകൾ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന

73 (458) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പ്രകാരം ഏറനാട് മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി സെക്ഷനുകളിൽ